# ആമുഖ പ്രസംഗം

പ്രിയമുള്ളവരെ,

ഗ്രാമസ്വരാജിന്റെ അന്തസത്ത ഉൾക്കൊണ്ട് ആധുനിക കാലഘട്ടത്തിലേക്ക് ആവശ്യമായതും, ജനോപകാരപ്രദവുമായ പദ്ധതികൾ നടപ്പിലാക്കാനാണ് മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ പുതിയ ഭരണ സമിതി ശ്രമിക്കുന്നത്. 2026-27 സാമ്പത്തിക വർഷത്തിലേക്കുമായുള്ള ബജറ്റ് അവതരണത്തിനാണ് നാം ഇവിടെ ഒത്ത് കൂടിയിട്ടുള്ളത്.

ബ്ലോക്ക് പഞ്ചായത്തിനെ സംബന്ധിച്ച് നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതികളെല്ലാം സമയബന്ധിതമായി പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. 100 ശതമാനം പദ്ധതി ഫണ്ട് വിനിയോഗിക്കുമെന്നുള്ള ശുഭ പ്രതീക്ഷ പങ്കുവെയ്ക്കുന്നതോടൊപ്പം ആയതിനായി ഒത്തൊരുമയോടെ പരിശ്രമിക്കുന്ന ജനപ്രതിനിധികൾ, നിർവ്വഹണ ഉദ്യോഗസ്ഥൻമാർ, മറ്റു ജീവനക്കാർ എന്നിവരെ ഈ അവസരത്തിൽ അഭിനന്ദിക്കുകയാണ്.ബ്ലോക്ക് പഞ്ചായത്തിന്റെ 2026-27 വാർഷിക പദ്ധതി അന്തിമമാക്കി ജില്ലാ ആസൂത്രണ സമിതിയിൽ നിന്നും അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

പതിനാലാം പഞ്ചവത്സര പദ്ധതി മുന്നോട്ട് വെയ്ക്കുന്ന പ്രഖ്യാപിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി പാർപ്പിട മേഖല പദ്ധതികൾക്കും കാർഷിക പദ്ധതികൾക്കും ടൂറിസത്തിനും, മാലിന്യസംസ്കരണത്തിനും ഈ ബജറ്റ് മുൻഗണന നൽകുന്നു. കാർഷിക മേഖലയ്ക്ക് ഉത്തേജനം നൽകുന്ന പദ്ധതികളും, ക്ഷീര മേഖലയിൽ പാലിന് സബ്സിഡി, ആരോഗ്യ മേഖലയിൽ വൃക്ക രോഗികൾക്ക് ഡയാലിസിസ് ചികിത്സാ സഹായം, വയോജന, ഭിന്നശേഷി, കൗമാരക്കാർ, വനിതകളുടെ ആരോഗ്യ സംരക്ഷണം, സ്വാന്തന പരിചരണം, ടൂറിസം വികസനത്തിന്റെ ഭാഗമായുള്ള കുമ്പള്ളി-ഇടിയഞ്ചിറ തെക്ക് ഭാഗം കെ.എൽ.ഡി.സി കനാൽ ബണ്ട് റോഡ് സൗന്ദര്യ വൽക്കരണം, പശ്ചാത്തല മേഖലയിലുള്ള പ്രവൃത്തികൾ തുടങ്ങി ഒട്ടനവധി പദ്ധതികൾ ആസൂതണം ചെയ്ത് നടപ്പാക്കുന്നതിനും ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്

ബ്ലോക്ക് പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ ഒത്തൊരുമയോടെ ഇനിയും മുന്നോട്ട് പോകാം എന്നാശംസിക്കുന്നു.

ശ്രീ.ക്ലമന്റ് ഫ്രാൻസിസ്
പ്രസിഡണ്ട്
മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത്

ബഹുമാന്യരെ,

അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി ആവിഷ്കരിച്ച ജനകീയാസൂത്രണ പ്രസ്ഥാനം 25 വർഷം പൂർത്തീകരിച്ച് പതിനാലാം പഞ്ചവൽസര പദ്ധതി ആരംഭിച്ചിട്ടുള്ള ഘട്ടത്തിലാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ 2026-27 സാമ്പത്തിക വർഷത്തേക്കുള്ള പ്രതീക്ഷിത വരവ് ചെലവ് വിശദമാക്കുന്ന ബജറ്റ് സന്തോഷത്തോടെ നിങ്ങളുടെ മുന്നിൽ അവതരിപ്പിക്കുന്നു.

കാലാവസ്ഥ വ്യതിയാനത്തിന്റെയും പ്രകൃതിക്ഷോഭങ്ങളുടേയും മഹാവ്യാധികളുടേയും ഭീഷണി നിലനിൽക്കുന്ന സാഹചര്യമാണ് നിലവിലുള്ളത് പുറംരാജ്യങ്ങളുമായി ഇഴുകിചേർന്ന നിലയിലാണ് കേരളത്തിന്റെ സമ്പദ് വ്യവസ്ഥ നിലനിൽക്കുന്നത്. വിലകയറ്റവും ആഗോളതാപനവും ഒരു പരിധി സമ്പദ്ഘടനയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെങ്കിലും കേരളം വളർച്ചയുടേയും അഭിവൃദ്ധിയുടേയും പാതയിലേക്ക് തിരിച്ചുവന്നു കൊണ്ടിരിക്കുന്നു വെന്നാണ് സ്ഥിതി വിവര കണക്കുകൾ സൂചിപ്പിക്കുന്നത്.

സാമ്പത്തിക വികസനത്തിന് ഗതിവേഗം നൽകുകയെന്ന ലക്ഷ്യം മുൻനിർത്തികൊണ്ട് ബഹു.കേരള ധനമന്ത്രി അവതരിപ്പിച്ച ബജറ്റിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചഫണ്ടിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിന്റെ ഭൂപ്രദേശത്തേയും ജനവിഭാഗങ്ങളുടേയും പ്രത്യേകതകൾ പരമാവധി പരിഗണിച്ചുകൊണ്ടാണ് ഈ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളെല്ലാം വിജയകരമായി പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്.

പതിനാലാം പഞ്ചവൽസര പദ്ധതി വിഭാവനം ചെയ്യുന്ന സുസ്ഥിര വികസനം ലക്ഷ്യം വെച്ചുകൊണ്ട് വിവിധ മേഖലകളിൽ കേന്ദ്രാവിഷ്കൃത ഫണ്ടും ധനകാര്യകമ്മീഷൻ ഗ്രാന്റും, മെയിന്റനൻസ് ഗ്രാന്റുംഉൾപ്പെടുത്തി തയ്യാറാക്കിയ ബജറ്റിൽ സമ്പൂർണ്ണ ഭവന നിർമ്മാണത്തിനും ഖരമാലിന്യ സംസ്കരണം,ടൂറിസംകുടിവെള്ള സംരക്ഷണം, എന്നിവക്കും മുഖ്യപരിഗണന നൽകുന്നു.

നെൽകൃഷി വികസനം, പാലിന് സബ്സിഡി, കുടിവെള്ള മേഖലയിൽ വാട്ടർ കിയോസ്ക്,സേവന മേഖലയിൽസമ്പൂർണ്ണ പാർപ്പിട നിർമ്മാണം, പ്രാദേശിക സാമ്പത്തിക വികസനവും തൊഴിലവസരങ്ങൾ സൃഷ്ടിക്കലും പട്ടികജാതിക്കാരുടെ ഉന്നമനത്തിനായുള്ള വിവിധ പദ്ധതികൾ, തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊജക്ടുകൾ എന്നിവ 2026-27 വർഷം ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് ഫണ്ട് വകയിരുത്തിയിരിക്കുന്നു.വനിതകളുടെ ആരോഗ്യ സംരക്ഷണം, വയോജനങ്ങൾ, കുട്ടികൾ, ഡയാലിസിസ് രോഗികൾ, കലാകാരൻമാർ സാക്ഷരത തുടങ്ങിയ സമസ്ത മേഖലകളിലും ബജറ്റ് വർഷം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനും തുക മാറ്റി വെക്കുന്നുണ്ട്.

## 2026 - 27 പ്രതീക്ഷിത വരവ്

| | | |
|---|---|---|
| പദ്ധതി വിഹിതം (ജനറൽ) | | 24,527,000 |
| പദ്ധതി വിഹിതം (എസ്.സി.പി) | | 8,521,000 |
| ധനകാര്യ കമ്മീഷൻബേസിക് ഗ്രാന്റ് | | 2,562,000 |
| ധനകാര്യ കമ്മീഷൻ ടൈഡ്ഗ്രാന്റ് | | 3,844,000 |
| I | ആകെ വികസന ഫണ്ട് | 39,454,000 |
| II | മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 10,436,000 |
| III | ജനറൽ പർപ്പസ് ഫണ്ട് (ജി.പി.ജി) | 9,461,000 |
| IV | തനത് ഫണ്ട് (വാടകതുടങ്ങിയവ) | 770,000 |
| V | ജില്ല പഞ്ചായത്ത് പ്രതീക്ഷിത വിഹിതം | 6,000,000 |
| VI | ഗ്രാമ പഞ്ചായത്ത് പ്രതീക്ഷിത വിഹിതം | 4,000,000 |
| VII | കോർപ്പറേഷൻ പ്രതീക്ഷിത വിഹിതം | 10,000,000 |
| VIII | എം.എൽ.എ ഫണ്ട് | 5,000,000 |
| IX | എം പി ഫണ്ട് | 15,000,000 |
| X | കേന്ദ്രാവിഷ്കൃതവിഹിതം | 6,850,000 |
| X1 | എം.ജി.എൻ.ആർ.ഇ.ജി.എസ് (തൊഴിലുറപ്പ് പദ്ധതി) | 90,000,000 |
| XII | പട്ടികജാതി വകുപ്പ് വിഹിതം | 1,500,000 |
| XIII | ടൂറിസം വകുപ്പ് | 10,000,000 |
| XIV | യുവജനക്ഷേമബോർഡ് വിഹിതം | 50,000 |
| XV | പ്രതീക്ഷിത വരവ് | 208,521,000 |
| XVI | മുൻ നീക്കിയിരിപ്പ് | 17,276,415 |
| | **ആകെ പ്രതീക്ഷിത വരവ്** | **225,797,415** |

## 2026-27 പ്രതീക്ഷിത ചെലവ്

| | |
|---|---|
| പദ്ധതിയേതര ചെലവുകൾ | 7,364,000 |
| പദ്ധതി ചെലവുകൾ | 91,743,725 |
| എം.എൽ.എ ഫണ്ട് | 5,000,000 |
| എം പി ഫണ്ട് | 15,000,000 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് (തൊഴിലുറപ്പ് പദ്ധതി) | 90,000,000 |
| സ്പിൽ ഓവർ&മറ്റു വികസന പദ്ധതികൾ | 13,100,000 |
| ആകെ പ്രതീക്ഷിതചെലവ് | 222,207,725 |
| **മിച്ചം** | **3,589,690** |

## 2026-27 സാമ്പത്തിക വർഷത്തിൽ പ്രത്യേക മേഖലകൾക്കായി വകയിരുത്തിയ തുക

| | |
|---|---|
| ഉൽപാദന മേഖല | 58,86,480 |
| പാർപ്പിട മേഖല | 2,12,00,000 |
| വനിതാ ഘടക പദ്ധതി | 30,75,000 |
| കുട്ടികളുടേ ക്ഷേമം | 39,00,000 |
| വയോജന ക്ഷേമം | 20,00,000 |

# ഉല്പാദന മേഖല

കേരളീയർക്ക് നെൽകൃഷിയോടുള്ള ആഭിമുഖ്യവും പ്രതിപത്തിയും വർദ്ധിച്ച് വരുന്നതായി കാണുന്നു. മണ്ണും വെള്ളവും പരിസ്ഥിതിയും ചൂഷണങ്ങൾക്ക് വിധേയമായി കൊണ്ടിരിക്കുന്നു. സംസ്ഥാനത്തെ കാർഷിക മേഖല മാറ്റത്തിന്റെ പാതയിലാണ്. മണ്ണും കാർഷിക സംസ്കാരവും തിരിച്ചുപിടിക്കുന്നതിന് ഊർജ്ജിത ശ്രമങ്ങൾ സർക്കാർ നടപ്പിലാക്കി വരുന്നു.ഭക്ഷ്യസുരക്ഷ ഒരുക്കുന്നതിന്റെ ഭാഗമായി കൃഷിയോഗ്യമായ ഭൂമിയിൽ കൃഷിയിറക്കുന്നതിനും കൃഷിയോഗ്യമല്ലാത്ത ഭൂമിയിൽ യന്ത്രസഹായത്തോടെ കൃഷി ഭൂമിയാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പരിശ്രമങ്ങൾ ഭരണസമിതി തുടരുകയാണ്.

ബജറ്റ് വർഷം ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ഉൽപാദന വർദ്ധനവിനുമായി വനിതകളെ കൂടി കൃഷിയുടെ ഭാഗമായി മാറ്റിയെടുക്കുന്നതിനുമായി സമഗ്ര നെൽകൃഷി വികസന പദ്ധതി വഴി നെൽ വിത്ത് വിതരണം ഇനത്തിൽ ₹35,00,000/- രൂപ വകയിരുത്തിയിരിക്കുന്നു.

നാണ്യവിള വികസനത്തിന്റെ ഭാഗമായി കേര കർഷകർക്ക് സൌജന്യ വളം വിതരണം ചെയ്യുന്നതിന് പാവറട്ടി ഗ്രാമ പഞ്ചായത്തിന് തുക കൈമാറുന്നതിനായി 15,00,000/- രൂപ ബജറ്റിൽ വകയിരുത്തിയിരിക്കുന്നു.

സംസ്ഥാനത്ത് ഹൈടെക്ക് ഫാമുകൾ പലയിടത്തും ആരംഭിച്ചതിനെ തുടർന്ന് പാലുത്പാദനം വർദ്ധിച്ചുവെങ്കിലും സാധാരണ കർഷകർക്ക് ആയതിന്റെ പ്രയോജനം ലഭിച്ചിട്ടില്ല. കന്നുകാലികളുടെ പരിപാലനം, മരുന്ന് എന്നിവയുള്ള ചെലവ് കർഷകർക്ക് ഭീഷണിയായിരിക്കുകയാണ്. ആയതിന് ഒരു ചെറിയ പരിഹാരമായിട്ടാണ് ക്ഷീരകർഷകർക്ക് പാലിന് സബ്സിഡിയായി 5 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളത്.

സ്ത്രീകൾക്ക് തൊഴിലും വരുമാനവും അതുവഴി സുരക്ഷിതത്വവും ലഭിക്കുന്നതിനുള്ള പദ്ധതികൾക്കായി ₹10,75,000/- രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. വനിതകൾക്കായി ഒരു ഖാദി വർക്കിംഗ് ഷെഡ് നിർമ്മിക്കുന്നതിന് വേണ്ടി 20,00,000/- രൂപ ബജറ്റിൽ വകയിരുത്തിയിരിക്കുന്നു.

## സേവന മേഖല

അടുത്ത 5 വർഷത്തിനുള്ളിൽ സംസ്ഥാനത്തിൽ 4.7 ലക്ഷം ഭവനരഹിതർക്കും ഭൂരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നയിക്കുന്നതിനും സാമ്പത്തിക സേവനം ഉൾപ്പെടെ എല്ലാ സാമൂഹ്യക്ഷേമ പദ്ധതികളുടേയും പ്രയോജനം കേന്ദ്രീകരിക്കാനും ഉതകുന്ന സുരക്ഷിതമായ വീടുകൾ ഒരുക്കുക എന്ന ഉദ്ദേശത്തോടെയാണ് സമ്പൂർണ്ണ പാർപ്പിട പദ്ധതി (ലൈഫ് മിഷൻ/പി.എം.എ.വൈ(ജി)) നടപ്പിലാക്കാൻ ലക്ഷ്യമിടുന്നത്. ലൈഫ് മിഷൻ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ എല്ലാ അർഹരായ കുടുംബങ്ങൾക്കും സ്ഥലം വാങ്ങുന്നതിനും, വീട് നിർമ്മിക്കുന്നതിനും ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിനായി ബജറ്റിൽ മുഖ്യപരിഗണന നൽകി കൊണ്ട് ₹77,04,200/- രൂപ മാറ്റി വച്ചിട്ടുണ്ട്. അതിദരിദ്രരുടെ മൈക്രോപ്ലാൻ എന്ന പദ്ധതിക്കായി 2 ലക്ഷം രൂപയും ഈ ബജറ്റിൽ വകയിരുത്തുന്നുണ്ട്.

ഭിന്നശേഷിയുള്ളവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തി കൊണ്ടുവരുന്നതിന് വിവിധ സഹായ പദ്ധതികൾ ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കി കൊണ്ടിരിക്കുകയാണ്. ബജറ്റ് വർഷം ബ്ലോക്ക് പഞ്ചായത്തിലെ ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നകുട്ടികൾക്ക് ധനസഹായ സ്കോളർഷിപ്പിനായി ₹8,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. ഭിന്നശേഷികലോത്സവം സംഘടിപ്പിക്കുന്നതിനായി ₹1,00,000 രൂപയും, അനുപൂരക പോഷകാഹാര പദ്ധതിക്കായി നാല് പഞ്ചായത്തുകൾക്കും 4 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. പട്ടികജാതി വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ പഠന ഉന്നമനത്തിനായുള്ള സാഹചര്യം ഒരുക്കുന്നതിന് പഠനമുറിക്ക് 26 ലക്ഷം രൂപ ബജറ്റിൽ മാറ്റിവെയ്ക്കുന്നു.

വൃത്തിയും വെടുപ്പുമുള്ള ഹരിതാഭമായ ഗ്രാമപ്രദേശം ഉത്തരവാദിത്തമുള്ള ജനതയുടെ പങ്കാളിത്തത്തോടെ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ പരിസ്ഥിതി സൗഹൃദപരവും സുസ്ഥിരവുമായ പദ്ധതി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി കുമ്പള്ളി

പാലം മുതൽ ഇടിയഞ്ചിറ പാലം വരെയുള്ള പൊന്തക്കാടുകൾ വൃത്തിയാക്കുന്നതിനായി എളവള്ളി, മുല്ലശ്ശേരി ഗ്രാമ പഞ്ചായത്തുകൾക്ക് തുക കൈമാറുന്നതിന് വേണ്ടി 4,00,000/- രൂപ മാറ്റി വെച്ചിട്ടുണ്ട്. എയ്ഡഡ് സർക്കാർ സ്കൂളുകളുടെ ടോയ്ലറ്റ് നിർമ്മാണത്തിനായി 19,22,000/- രൂപ വകയിരുത്തിയിട്ടുണ്ട്.

ആരോഗ്യ മേഖലയിൽ രോഗപ്രതിരോധ പ്രവർത്തനവും രോഗാതുരത മോണിറ്റർ ചെയ്യുന്നതിനും കേരളം മുൻപന്തിയിലാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ സാമൂഹ്യ ആരോഗ്യ കേന്ദ്രം കേന്ദ്രീകരിച്ചാണ് ആരോഗ്യ മേഖലയിലെ ഭൂരിഭാഗം പദ്ധതികളും നടപ്പിലാക്കുന്നത്. ആയതിനാൽ സാമൂഹിക ആരോഗ്യ കേന്ദ്രം നവീകരിക്കുന്നതിനായി 25,00,000/- രൂപയും ലാബ് പുനരുദ്ധാരണത്തിനായി 25 ലക്ഷം രൂപയും ബജറ്റിൽ മാറ്റി വെച്ചിട്ടുണ്ട്. ബജറ്റ് വർഷം പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതിക്കായി ₹4,00,000/- രൂപയും, വൃക്ക രോഗികൾക്ക് ഡയാലിസിസ് ചെയ്യുന്നതിന് ധനസഹായമായി 5 ലക്ഷം രൂപയും മാറ്റിവെച്ചിട്ടുണ്ട്. മികച്ച ചികിത്സാ സേവനം ഉറപ്പാക്കുന്നതിനായി സി.എച്ച്.സി കളിൽ നിയോഗിക്കുന്ന ഡോക്ടർമാർക്കും പാരാമെഡിക്കൽ സ്റ്റാഫുകൾക്കും വേതനം നൽകുന്നതിനായി 14,29,320/- രൂപയും വകയിരുത്തുന്നുണ്ട്. സി.എച്ച്.സി യിലേക്ക് മരുന്നു വാങ്ങലിനായി 10 ലക്ഷം രൂപയും, ബ്ലോക്ക് പരിധിയിലെ 3 ഗ്രാമ പഞ്ചായത്തുകളിലെ പി.എച്ച്.സികൾക്ക് വയോജനങ്ങൾക്ക് മരുന്ന് വാങ്ങുന്നതിനായി 5 ലക്ഷം രൂപയും, ബ്ലോക്ക് പരിധിയിലെ 3 ഗ്രാമപഞ്ചായത്തുകളിലെ പി.എച്ച്.സി കൾക്ക് വയോജനങ്ങൾക്ക് മരുന്ന് വാങ്ങുന്നതിനായി 6 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

കലാകാരൻമാരെ പ്രോത്സാഹിപ്പിക്കുന്നതിന് വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതിക്ക് 2 ലക്ഷം രൂപയും കേരളോത്സവത്തിന് ഒരു ലക്ഷം രൂപയും യുവജനങ്ങളുടേയും വരും തലമുറയുടേയും കായിക പരിശീലനം ലക്ഷ്യം വെച്ചു കൊണ്ട് പാവറട്ടി, വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തുകളിലെ പഞ്ചായത്ത് കളിസ്ഥലങ്ങളുടെ അടിസ്ഥാന സൌകര്യ വികസനത്തിനായി 26 ലക്ഷം രൂപയും എളവള്ളി ഗ്രാമപഞ്ചായത്തിലെ വാക കളിസ്ഥലത്തിന്റെ ഡി.പി.ആർ തയ്യാറാക്കുന്നതിനായി 2 ലക്ഷം രൂപയും സദ്ഭരണത്തിനായി ഐ.എസ്.ഒ സർട്ടിഫിക്കേഷൻപദ്ധതി, ആസൂത്രണം മോണിറ്ററിംഗ്, തുടങ്ങിയ പദ്ധതികൾക്കും ഫണ്ട് വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഘടക സ്ഥാപനങ്ങളിലെ ഓഫീസ്

ചെലവുകൾക്കും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

## പശ്ചാത്തല മേഖല

ഒരു പ്രദേശത്തിന്റെ  വികസന സൂചിക നിർണയിക്കുന്നത് അവിടുത്തെ ഗതാഗത മാർഗ്ഗങ്ങളുടെയും ജലസേചനം മാർഗങ്ങളുടെയും പൊതു ഇടങ്ങളുടെയും പാലങ്ങളുടെയും ഗുണമേന്മകളുടെ അടിസ്ഥാനത്തിലാണ്. ഗതാഗത മാർഗ്ഗങ്ങൾ ഒരു പ്രദേശത്തിന്റെ ജീവനാഡിയാണ് കാലാവസ്ഥ വ്യതിയാനവും പ്രകൃതിക്ഷോഭവും മൂലം ഗതാഗത മാർഗങ്ങൾക്ക് പലപ്പോഴും തടസ്സങ്ങൾ നേരിടാറുണ്ട്. എല്ലാ വാർഷിക ബജറ്റുകളുടെയും ബഹുഭൂരിഭാഗം തുകയും ചെലവഴിക്കുന്നത് പൊതുമരാമത്ത് പ്രവർത്തികൾക്കാണ്. റോഡ് നിർമ്മാണം, പുതിയ തോടുകളുടെയും കനാലുകളുടെയും നിർമ്മാണം. ഭിത്തികെട്ടി സംരക്ഷണം, കുളം സംരക്ഷണവും അനുബന്ധപ്രവർത്തികൾ ബ്ലോക്ക് അനുബന്ധ കെട്ടിടങ്ങളുടെയും അറ്റകുറ്റപ്പണികളും സൗകര്യങ്ങളും മെച്ചപ്പെടുത്തലും, പ്രധാനപ്പെട്ട ചുമതലകളായി ഏറ്റെടുത്തു കൊണ്ടുള്ള പ്രവർത്തികളാണ് കഴിഞ്ഞ പദ്ധതി കാലഘട്ടങ്ങളിൽ ചെയ്തുകൊണ്ടിരുന്നത്. 2025-26 വർഷത്തെ 75% ത്തോളം പ്രവർത്തികളും പൂർത്തീകരിച്ചിട്ടുള്ളതാണ്. ബാക്കിയുള്ള പദ്ധതികൾ നടന്നു വരുന്നു. സാമൂഹ്യ പുരോഗതിക്ക് അനുസരിച്ച് കൂടുതൽ റോഡുകളും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിന്റെ ഭാഗമായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് നടപ്പിലാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഏറെ ശ്രദ്ധ ചെലുത്തുന്നുണ്ട്. ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതിയായ കുമ്പുള്ളി-ഇടിയഞ്ചിറ തെക്ക് ഭാഗം

കെ.എൽ.ഡി.സി കനാൽ ബണ്ട് റോഡ് സൌന്ദര്യ വൽക്കരണം എന്ന പദ്ധതി നടപ്പിലാക്കാനും ആയതിലേക്ക് ജില്ല പഞ്ചായത്തിന്റെയും, ഗ്രാമ പഞ്ചായത്തുകളുടെയും, ബ്ലോക്കിന്റെയും, ടൂറിസം വകുപ്പിന്റെയും പങ്കാളിത്തത്തോടുകൂടി പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള 4 പഞ്ചായത്തുകളിലേയും തെരുവ് വിളക്കുകൾ പ്രകാശിപ്പിക്കുന്നതിനായുള്ള കുമ്പള്ളി സോളാർ പാനൽ സിസ്റ്റം സ്ഥാപിക്കൽ എന്ന ബൃഹത്തായി പദ്ധതിയുടെ പ്രാരംഭ അനുമതികൾ ലഭിക്കുന്നതിനും മറ്റുമുള്ള ചെലവുകൾക്കുമായി 20 ലക്ഷം രൂപ 2026-27 സാമ്പത്തിക വർഷത്തെ ബജറ്റിൽ മാറ്റി വെച്ചിട്ടുണ്ട്.

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

നടപ്പുവർഷത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നാല് ഗ്രാമപഞ്ചായത്തുകളിലായി 2823 പ്രവർത്തികൾ ഏറ്റെടുക്കാൻ വാർഷിക കർമ്മ പദ്ധതി ലക്ഷ്യമിടുന്നു. ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി റോഡ് നിർമ്മാണം. കാന നിർമ്മാണം എന്നിവ ഓരോ പഞ്ചായത്തിലും നടപ്പിലാക്കും.

മണ്ണ് ജലസംരക്ഷണത്തിന്റെ ഭാഗമായി തോടുകൾ, കുളങ്ങൾ എന്നിവയ്ക്ക് കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള സംരക്ഷണം. സൈഡുകൾ ബലപ്പെടുത്തൽ, പൊതുകുളങ്ങളുടെ നവീകരണം. കിണർ നിർമ്മാണം, ഫാം പോണ്ട് നിർമ്മാണം, കിണർ റീചാർജ്ജിംഗ്,ജൈവ വേലി, മഴക്കുഴി, മൺവരമ്പ് നിർമ്മാണം, സമഗ്ര ഭൂവികസനം എന്നീ പദ്ധതികളും നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. സമ്പൂർണ്ണ ശുചിത്വത്തിന്റെ ഭാഗമായി എല്ലാ വീടുകളിലും കംമ്പോസ്റ്റ് പിറ്റ്, സോക്ക് പിറ്റ്. ഐ.എച്ച്.എച്ച്.എൽ എന്നിവ നടപ്പിലാക്കും. ഹരിത കേരളത്തിന്റെ ഭാഗമായി ബി.പി.എൽ കുടുംബങ്ങൾക്ക് വൃക്ഷതൈ നട്ടുപിടിപ്പിക്കലും സംരക്ഷണവും, റോഡ് സൈഡ്ടീ പ്ലാന്റേഷൻ, ന്യൂട്ടി ഗാർഡൻ, ആയുഷ് ആരാമം, കേര നേഴ്സറി, കേര ഗ്രാമം പദ്ധതി, മുള വച്ചു പിടിപ്പിക്കൽ, തീറ്റപ്പുൽ കൃഷി എന്നിവയും ലക്ഷ്യമിടുന്നു. പാര

5 വിഭാഗത്തിൽ ഉൾപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും ഉപജീവന മാർഗം മെച്ചപ്പെടുത്തുന്നതിനും അതു വഴി സാമ്പത്തിക മേഖലയെ ശക്തിപ്പെടുത്തുന്നതിനും തൊഴുത്ത്, അസോള ടാങ്ക്, കോഴിക്കൂട്, ആട്ടിൻ കൂട് സ്വയം സഹായ സംഘങ്ങൾക്ക് വർക്ക് ഷെഡ്, സർക്കാർ ഭവന പദ്ധതിയിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് 90 ദിവസത്തെ തൊഴിൽ ദിനങ്ങൾ നൽകുന്നതിനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി കഴിയുന്നുണ്ട്. ദുർബല ജന വിഭാഗങ്ങൾക്കിടയിലുള്ള പോഷകാഹാരക്കുറവ് മാറ്റുന്നതിന്റെ ഭാഗമായി എല്ലാ പഞ്ചായത്തിലും ഈ സാമ്പത്തിക വർഷം തൊഴിലുറപ്പ് വഴി മുരിങ്ങ തൈവിതരണം നടത്തുവാൻ പദ്ധതി വെച്ചിട്ടുണ്ട്. നടപ്പുവർഷത്തിൽ 100 ദിവസം തൊഴിൽ പൂർത്തീയാക്കിയവർ 918 പേർ വരുമെന്ന് പ്രതീക്ഷിക്കുന്നു. ബജറ്റ് വർഷത്തിൽ 9 കോടി രൂപ ഈ മേഖലയ്ക്ക് വകകൊള്ളിക്കുന്നു.

# പെർഫോമൻസ് ബജറ്റ്

നെൽകൃഷിക്കും, തെങ്ങ് കൃഷി വികസനത്തിനുമായി കൂടുതൽ ഫണ്ട് വകയിരുത്തിയതിനാൽ കൃഷിയുടെ വ്യാപനത്തിനും അതുവഴി നെല്ലുല്പാദനത്തിനും നാളികേര ഉല്പാദനത്തിനും ഗണ്യമായ വളർച്ച ഈ ബജറ്റ് വിഭാവനം ചെയ്യുന്നു.

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്, ഭിന്നശേഷി കലാമേള എന്നിവക്ക് നീക്കിവെച്ചിരിക്കുന്ന ₹9,00,000/- രൂപ അവർക്ക് വലിയ സ്വാന്തനമാകുമെന്ന് കരുതുന്നു. വയോജനങ്ങൾക്കായി വകയിരുത്തിയ പാലിയേറ്റീവ് കെയർ, മരുന്ന് വാങ്ങൽ എന്നീ പദ്ധതികൾക്കായി ₹15,0,000/- രൂപ നീക്കിവെച്ചിട്ടുണ്ട്. അവ ഈ മേഖലക്ക് വലിയ ആശ്വാസവും കരുതലുമാകുമെന്ന് പ്രതീക്ഷിക്കാം.

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറിക്ക് ₹26,00,000/- രൂപ വകയിരുത്തിയത് ഈ മേഖലയിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സമൂഹത്തിൽ മുന്നോട്ട് കുതിക്കാൻ അവസരമൊരുക്കും. പി.എം.എ.വൈ/ ലൈഫ്

ഭവന നിർമ്മാണ പദ്ധതികൾക്കായി കേന്ദ്ര വിഹിതമായി ₹60,00,000/- രൂപയും, ജില്ല പഞ്ചായത്ത് വിഹിതമായി ₹45,00,000/- രൂപയും ഗ്രാമ പഞ്ചായത്തുകളുടെ വിഹിതമായി ₹32,00,000/- രൂപയും ചേർത്ത് ഭവനനിർമാണത്തിനായി കണ്ടെത്തിയ ₹2,12,,00,000/- രൂപ ഭവനരഹിതരില്ലാത്ത ബ്ലോക്ക് പഞ്ചായത്ത് എന്ന സ്വപ്നത്തിലേക്ക് കൂടുതൽ അടുക്കുവാൻ സഹായകമാകും.

## ജെന്റർ ബജറ്റ്

തുല്യലിംഗ നീതിയെന്നാൽ സ്ത്രീ, പുരുഷൻ, ട്രാൻസ്ജൻഡർ തുടങ്ങി എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും തുല്യ ഉത്തരവാദിത്വങ്ങളും, അവസരങ്ങളും നൽകുകയെന്നതാണ്. നമുക്കൊരു സ്വപ്നമുണ്ട്. നവകേരള സൃഷ്ടി നവകേരള മിഷൻ ഇതിൽ നാല് അദ്ധ്യായങ്ങളുണ്ട്. ഹരിതം, ആർദ്രം, ലൈഫ്, പൊതു വിദ്യാഭ്യാസ യജ്ഞം. ഈ സ്വപ്നം മുന്നോട്ട് കൊണ്ടു പോകാൻ ഒരു അധ്യായം കൂടി ചേർക്കണം. തുല്യലിംഗ നീതി. ത്രിതല പഞ്ചായത്ത് ജനപ്രതിനിധികളുടെ എണ്ണം പുരുഷൻമാരുടേതിനൊപ്പം ആക്കിയതുകൊണ്ട് മാത്രം അത് നടപ്പാവില്ല. ധനകാര്യസമ്പാദനവും അതോടൊപ്പം വേണം. അതിന് പദ്ധതികൾ വേണം ആസൂത്രണം വേണം നടപ്പിലാക്കാനുള്ള കരുത്ത് വേണം അതിന് ഇച്ഛാശക്തി വേണം.

കേരളമെന്ന സംസ്ഥാനമെടുത്താൽ ആരോഗ്യരംഗം പോലെ തന്നെ തുല്യതയുടെ കാര്യത്തിലും നാം വളരെ മുന്നിലാണ്. അതിനനുയോജ്യമായ പ്രവർത്തനങ്ങൾ ഇനിയും തുടരേണ്ടതുണ്ട്. ലിംഗ നീതിയില്ലാതെ സാമൂഹ്യ നീതിയില്ലായെന്ന് നാം മനസ്സിലാക്കണം.

2026-27 സാമ്പത്തിക വർഷം വനിതാഘടക പദ്ധതികൾക്കായി ₹30,75,000/- രൂപ നീക്കിവെച്ചിട്ടുള്ളതാണ്. നിലവിലെ സാഹചര്യത്തിൽ അടങ്കലിൽ 20% സ്ത്രീകൾക്കും 10% വീതം കുട്ടികൾക്കും അവരുടെ കാര്യശേഷി വർദ്ധിപ്പിക്കുവാനും ക്രിയാശേഷി വർദ്ധിപ്പിക്കാനും ഉതകുന്നതത്തിൽ ക്രമീകരിക്കുകയും വേണം. സ്ത്രീകളുടെ സ്വന്തമായ വരുമാനം സമൂഹത്തിലുള്ള സ്ഥാനം എന്നിവ വർദ്ധിക്കുന്ന തരത്തിലുള്ള പദ്ധതികളാണ് ആവിഷ്കരിക്കുന്നത്.

## ഉപസംഹാരം

സുസ്ഥിര വളർച്ച, ഉപജീവന സുരക്ഷ, സാമൂഹ്യനീതി, തുല്യത എന്നിവ ഉറപ്പാക്കുന്നതിന് പതിനാലാം പഞ്ചവത്സര പദ്ധതി നിർദ്ദേശങ്ങൾ പാലിച്ച് കൊണ്ടാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

**₹22,57,97,415/-** രൂപ പ്രതീക്ഷിത വരവും. **₹22,22,07,725/-**രൂപ പ്രതീക്ഷിത ചെലവും **₹35,89,690/-** രൂപ മിച്ചവും പ്രതീക്ഷിക്കുന്ന മുല്ലശ്ശേരി ബ്ലോക്ക്

പഞ്ചായത്തിന്റെ 2026-27 സാമ്പത്തിക വർഷത്തെ ബജറ്റ് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

ശ്രീമതി. ഫിജിന.എ.എ
ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡണ്ട്

മുല്ലശ്ശേരി
04/03/2026

2026-2027 NEW BUDGET

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| | **Opening Balance** | | **12441404** | **17276415** |
| | **Revenue Receipt - 1** | | | |
| | **Fees and User Charges - 140** | | | |
| 1 | 1402003 Other Penalities and Fines | | 20000 | 25000 |
| | **Total Fees and User Charges** | | **20000** | **25000** |
| | **Sale and Hire Charges - 150** | | | |
| 2 | 1501101 Receipts from Sale of Forms | | 25000 | 30000 |
| 3 | 1501102 Receipts from Sale of Tender Forms | | 50000 | 55000 |
| 4 | 1501202 Receipts from Sale of Scrap | | 250000 | 250000 |
| | **Total Sale and Hire Charges** | | **325000** | **335000** |
| | **Revenue Grants, Contributions and Subsidies - 160** | | | |
| 5 | 1601023 General Purpose Fund | | 8866800 | 9461000 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| | **Total Revenue Grants, Contributions and Subsidies** | | **8866800** | **9461000** |
| | **Interest Earned - 171** | | | |
| 6 | 1711001 Interest from Bank Accounts | | 75000 | 85000 |
| | **Total Interest Earned** | | **75000** | **85000** |
| | **Rental Income - LB Properties - 130** | | | |
| 7 | 1302003 Rent from Buildings | | 300000 | 325000 |
| | **Total Rental Income** | | **300000** | **325000** |
| | **Total Revenue Receipt** | | **9586800** | **10231000** |
| | **Capital Receipt - 2** | | | |
| | **Grants, Contribution for Specific Purposes - 320** | | | |
| 8 | 3201005 Central Finance Commission Grant - Untied | | 11328471 | 6406000 |
| 9 | 3201011 Prime Minister S Awas Yojana (PMAY) - General | | 9820000 | 6000000 |
| 10 | 3201044 Mahatma Gandhi National Rural Employment Scheme (MGNREGS) | | 85300000 | 90000000 |
| 11 | 3201050 Grants Contributions for Specific Purposes - Central Government | | 0 | 15000000 |
| 12 | 3202001 Development Fund - General | | 18027000 | 24527000 |
| 13 | 3202002 Development Fund - Special Component Plan | | 9339000 | 8521000 |
| 14 | 3202010 Maintenance Fund - Non-Road Assets | | 13829136 | 10436000 |
| 15 | 3202017 Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Local Area Development Fund For Members Of Legislative Assembly | | 4880000 | 5000000 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 16 | 3202037 Other Revenue Grants | | 3405946 | 1500000 |
| 17 | 3203001 Grant from Other Government Agencies | | 0 | 10000000 |
| 18 | 3205001 Grant from Welfare Bodies | | 10000 | 50000 |
| 19 | 3209001 Contribution to Joint Venture Projects from District Panchayat | | 9058000 | 6000000 |
| 20 | 3209003 Contribution to Joint Venture Projects from Grama Panchayat | | 8165978 | 4000000 |
| 21 | 3209004 Contribution to Joint Venture Projects from Municipal Corprations | | 0 | 10000000 |
| | **Total Grants, Contribution for Specific Purposes** | | **173163531** | **197440000** |
| | **Other Liabilities - 350** | | | |
| 22 | 3502025 Recoveries Payable - Income Tax Deducted at Source | | 8000 | 0 |
| 23 | 3503005 Government and Other Dues Payable-TDS - CGST | | 4000 | 0 |
| 24 | 3503006 Government and Other Dues Payable-TDS - SGST | | 4000 | 0 |
| | **Total Other Liabilities** | | **16000** | **0** |
| | **Redemption - 431** | | | |
| 25 | 4315002 Receivables from Government (redemption amount) | | 8540666 | 0 |
| | **Total Redemption** | | **8540666** | **0** |
| | **Loans, Advances and Deposits - 460** | | | |
| 26 | 4605005 Advance to Mahatma Gandhi NREGS/ AUEGS | | 0 | 850000 |
| | **Total Loans, Advances and Deposits** | | **0** | **850000** |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| | **Total Capital Receipt** | | **181720197** | **198290000** |
| | **Revenue Expenditure - 3** | | | |
| | **Establishment Expenses - 210** | | | |
| 27 | 2101004 Salaries - Contract Staff | | 780000 | 800000 |
| 28 | 2101007 Salaries - Part time Contingent Staff | | 120000 | 150000 |
| 29 | 2101101 Wages | | 600000 | 900000 |
| 30 | 2102014 Monthly Honorarium and Sitting Allowance -Councillors/ Members | | 1650000 | 2400000 |
| 31 | 2102016 Other Benefits and Allowances | | 39477 | 80000 |
| 32 | 2102019 Travelling Expense of Chairperson/ President, Deputy Chairperson/ Vice President, Chairperson and Councillors/ members | | 30000 | 45000 |
| 33 | 2102021 Telephone Allowance - Mayor/ Chairperson/ President | | 12000 | 5000 |
| | **Total Establishment Expenses** | | **3231477** | **4380000** |
| | **Administrative Expenses - 220** | | | |
| 34 | 2201003 Other Taxes/ Duties | | 500 | 0 |
| 35 | 2201101 Office Electricity Expenses | | 75000 | 150000 |
| 36 | 2201102 Water Charges - Office | | 5000 | 6000 |
| 37 | 2201104 Service Connection Charge (KSEB/ KWA) | | 1000 | 2000 |
| 38 | 2201105 Water Charges - LB buildings | | 10000 | 0 |
| 39 | 2201199 Other Office Maintenance Expenses | | 50000 | 55000 |
| 40 | 2201201 Telephone Expenses/ Internet Charges | | 60000 | 70000 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 41 | 2201202 Postage Expenses | | 500 | 5000 |
| 42 | 2201299 Miscellaneous Communication Expenses | | 30000 | 35000 |
| 43 | 2202001 Books & Periodicals | | 25000 | 25000 |
| 44 | 2202101 Printing & Stationery | | 325000 | 325000 |
| 45 | 2204001 Insurance | | 20861 | 0 |
| 46 | 2204002 Insurance - Vehicles | | 0 | 30000 |
| 47 | 2205101 Miscellaneous Legal Expenses | | 35000 | 40000 |
| 48 | 2206001 Newspaper Advertisement Charges | | 150000 | 200000 |
| 49 | 2206002 Keralolsavam Expenses | | 0 | 50000 |
| 50 | 2206099 Other Advertisement & Publicity Charges | | 70000 | 125000 |
| 51 | 2208005 Donations And Contributions As Per Government Order | | 200000 | 225000 |
| 52 | 2208099 Miscellaneous Administration Expenses | | 175000 | 200000 |
| | **Total Administrative Expenses** | | **1232861** | **1543000** |
| | **Operation and Maintenance - 230** | | | |
| 53 | 2301002 Fuel Charges | | 500000 | 500000 |
| 54 | 2301003 Electricity Charges of Other Buildings of LB | | 77000 | 100000 |
| 55 | 2304001 Vehicle Hire Charges | | 40000 | 25000 |
| 56 | 2304099 Other Hire Charges | | 10000 | 10000 |
| 57 | 2305301 Repairs & Maintenance - Vehicles | | 75000 | 150000 |
| 58 | 2305901 Repairs & Maintenance - Machinery | | 50000 | 50000 |
| 59 | 2305902 Repairs & Maintenance - Office Equipments | | 85000 | 100000 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 60 | 2305909 Other Repairs & Maintenance | | 50000 | 50000 |
| 61 | 2308009 Registration Of Vehicles | | 10000 | 0 |
| 62 | 2308010 Extra - ordinary Expenses | | 25000 | 50000 |
| 63 | 2308099 Other Operating & Maintenance Expenses | | 25000 | 100000 |
| 64 | 2308201 Refreshment Charges | | 200000 | 300000 |
| | **Total Operation and Maintenance** | | **1147000** | **1435000** |
| | **Interest and Finance Charges - 240** | | | |
| 65 | 2407001 Bank Charges | | 50 | 0 |
| 66 | 2408001 Other Finance Expenses | | 5000 | 6000 |
| | **Total Interest and Finance Charges** | | **5050** | **6000** |
| | **Programe Expenses - 250** | | | |
| 67 | 2502001 Expenditure on Poverty Eradication Program | | 85300000 | 90000000 |
| | **Total Programe Expenses** | | **85300000** | **90000000** |
| | **Expenses Related to Productive Sector - 251** | | | |
| 68 | 2510101 Agriculture - Paddy | | 2810000 | 0 |
| 69 | 2510215 Protection of Animals | | 200000 | 0 |
| 70 | 2510305 Dairy Development - Milk Incentives | | 300000 | 0 |
| 71 | 2510707 Akshayorjjam | | 1000000 | 0 |
| 72 | 2511201 Skill Development | | 400000 | 0 |
| 73 | 2511301 Self Employment and Marketing Promotion | | 1576060 | 0 |
| | **Total Expenses Related to Productive Sector** | | **6286060** | **0** |
| | **Expenses Related to Service Sector - 252** | | | |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 74 | 2520107 Education-Related Activities | | 3100000 | 0 |
| 75 | 2520502 Arts,Culture,Sports and Youth Welfare-Infrastructure | | 317246 | 0 |
| 76 | 2520503 Arts,Culture,Sports and Youth Welfare-Promotion | | 195000 | 0 |
| 77 | 2520602 Health related Programs | | 500000 | 0 |
| 78 | 2520618 Medical Institution - Allopathy | | 11170266 | 0 |
| 79 | 2520702 Drinking Water - Public | | 350000 | 0 |
| 80 | 2520801 Housing & House Electrification - Individual | | 39612675 | 0 |
| 81 | 2520902 Child Welfare Program | | 50000 | 0 |
| 82 | 2520905 Welfare Programs for the Destitute | | 200000 | 0 |
| 83 | 2520906 Welfare Programs for Physically/ Mentally Challenged | | 800000 | 0 |
| 84 | 2520908 Social Security Programme | | 82325 | 0 |
| 85 | 2521001 Anganwadi Nutrition | | 400000 | 0 |
| 86 | 2521501 Tourism Infrastructure | | 1157755 | 0 |
| 87 | 2521601 Local Government Service Delivery Improvement | | 110127 | 0 |
| 88 | 2521602 Payments to IKM | | 40000 | 0 |
| 89 | 2521701 Allied Institution Service Delivery Improvement | | 270000 | 0 |
| 90 | 2522001 Plan Formulation, Implementation and Monitoring | | 1000000 | 0 |
| 91 | 2522305 Solid Waste Management - Collection and Transportation | | 146237 | 0 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| | **Total Expenses Related to Service Sector** | | **59501631** | **0** |
| | **Expenses Related to Infrastructure Sector - 253** | | | |
| 92 | 2530301 Public Buildings - Local Government Office Building | | 1616480 | 0 |
| 93 | 2530501 Vehicle Rent for Engineering Wing | | 718903 | 0 |
| | **Total Expenses Related to Infrastructure Sector** | | **2335383** | **0** |
| | **Revenue Grants, Cotributions and Subsidies - 260** | | | |
| 94 | 2602101 Keralotsavam - Expenses | | 10000 | 0 |
| | **Total Revenue Grants, Cotributions and Subsidies** | | **10000** | **0** |
| | **Total Revenue Expenditure** | | **159049462** | **97364000** |
| | **Capital Expenditure - 4** | | | |
| | **Refund of Deposits - 340** | | | |
| 95 | 3401003 Retention | | 191497 | 0 |
| | **Total Refund of Deposits** | | **191497** | **0** |
| | **Payment of Recoveries - 350** | | | |
| 96 | 3501302 Employers Liabilities - EPF | | 44000 | 0 |
| 97 | 3502021 Recoveries Payable - EPF | | 44000 | 0 |
| 98 | 3502028 Recoveries Payable - Other Recoveries | | 8000 | 0 |
| 99 | 3503005 Government and Other Dues Payable-TDS - CGST | | 17000 | 0 |
| 100 | 3503006 Government and Other Dues Payable-TDS - SGST | | 17000 | 0 |
| | **Total Payment of Recoveries** | | **130000** | **0** |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| | **Fixed Assets - 410** | | | |
| 101 | 4101002 Grounds | | 500000 | 0 |
| 102 | 4102002 Administrative Buildings | | 1333531 | 0 |
| 103 | 4102016 Other Buildings | | 4387470 | 0 |
| 104 | 4103001 Concrete Roads | | 732316 | 0 |
| 105 | 4103002 Black Topped Roads | | 2754033 | 0 |
| 106 | 4103010 Culverts | | 520000 | 0 |
| 107 | 4103099 Other Constructions | | 6869200 | 0 |
| 108 | 4103203 Reservoir | | 2422000 | 0 |
| 109 | 4103302 Street Light | | 1000000 | 0 |
| 110 | 4106002 Computers, Printers & Peripherals | | 1486930 | 0 |
| 111 | 4107001 Furniture, Fixtures, Fittings & Electrical Appliances | | 540000 | 0 |
| 112 | 4108001 Other Fixed Assets | | 3400875 | 20000000 |
| | **Total Fixed Assets** | | **25946355** | **20000000** |
| | **Loans, Advances and Deposits - 460** | | | |
| 113 | 4605005 Advance to Mahatma Gandhi NREGS/ AUEGS | | 774000 | 0 |
| | **Total Loans, Advances and Deposits** | | **774000** | **0** |
| | **Total Capital Expenditure** | | **27041852** | **20000000** |
| | **Total Expenditure** | | **186091314** | **117364000** |
| | **Total Receipts** | | **191306997** | **208521000** |
| | **Balance** | | **17657087** | **108433415** |